(സി) എറണാകുളം കാരിക്കാമുറിയിലുള്ള എസ്.എൻ. ഇന്റർനാഷണൽ എന്ന സ്ഥാപനവും കൊല്ലത്തെ ഒ.കെ. ടൂർസ് ആന്റ് ട്രാവൽസും വൻ തുക കൈപ്പറ്റി ഉദ്യോഗാർത്ഥികൾക്ക് വ്യാജ വിസ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇത്തരം തട്ടിപ്പ് വ്യാപകമായ രീതിയിൽ നടക്കുന്നു എന്ന് മനസ്സിലാക്കി നോർക്ക വകുപ്പ് വിദേശത്ത് തൊഴിലന്വേഷിക്കുന്ന മലയാളികൾ വഞ്ചിതരാകാതിക്കുന്നതിനായി ഒരു പത്രക്കുറിപ്പ് ഇറക്കിയിട്ടുണ്ട്. ഇത് കൂടാതെ ഡി.ജി.പി., കൊച്ചി പോലീസ് കമ്മീഷണർ, കൊല്ലം എസ്.പി. മുതലായവർക്ക് ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുകയുണ്ടായി.

തൊഴിലാളി ക്ഷേമപദ്ധതികളിലെ കുടിശ്ശിക

82 [3090] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണം പ്രമാണിച്ച് സംസ്ഥാനത്തെ തൊഴിലാളി ക്ഷേമനിധിയിൽ നിന്നുള്ള കുടിശ്ശിക പെൻഷൻ ഓണത്തിന് മുൻപായി മുഴുവനും വിതരണം ചെയ്യുമോ;

(ബി) ഇല്ലെങ്കിൽ ഓരോ വിഭാഗം തൊഴിലാളികൾക്കും ഓണത്തിനു മുൻപായി എത്ര ഗഡു പെൻഷൻ വിതരണം ചെയ്യുമെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ പെൻഷൻ അടിയന്തിരമായി വിതരണം ചെയ്യുവാൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായുള്ള തൊഴിലാളികൾക്ക് ഓണത്തിന് ഫെസ്റ്റിവൽ അലവൻസ് നൽകുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ ഓരോ വിഭാഗത്തിനും എന്ത് തുക എന്ന് പറയാമോ?

ഉത്തരം

(എ) തൊഴിലാളി ക്ഷേമനിധിയിൽ നിന്നുള്ള പെൻഷൻ വിതരണം ചെയ്യുന്നത് അതാത് ബോർഡിന്റെ ഫണ്ടിൽ നിന്നാണ്. ഇതിനായി വ്യവസ്ഥകൾക്ക് വിധേയമായി ബോർഡുകൾക്ക് സർക്കാർ ധനസഹായം നൽകിവരുന്നുണ്ട്. കശുവണ്ടി, കൈത്തറി, കർഷകത്തൊഴിലാളി, ബീഡി-സിഗാർ തുടങ്ങിയ തൊഴിലാളി ക്ഷേമനിധികളിൽ നിന്നുള്ള പെൻഷൻ കുടിശ്ശികയിൽ ഒരു ഗഡു പെൻഷൻ 2004-ലെ ഓണത്തിന് മുൻപ് വിതരണം നടത്തുന്നതിന് വേണ്ടി വരുന്ന തുക ധനസഹായമായി ബന്ധപ്പെട്ട ബോർഡുകൾക്ക് നൽകുന്നതിനുള്ള നിർദ്ദേശം സർക്കാർ സജീവമായി പരിഗണിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി ആന്റ് സി) ഓണത്തിനു മുൻപ് ഒരു ഗഡു പെൻഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായുള്ള തൊഴിലാളികൾക്ക് ഓണത്തിന് ഫെസ്റ്റിവൽ അലവൻസ് നൽകുവാൻ ക്ഷേമനിധി നിയമങ്ങളിൽ വ്യവസ്ഥയില്ല.

കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് ആനുകൂല്യം

83 [3091] ശ്രീ. ഷിബു ബേബിജോൺ:

" കെ. ബി. ഗണേഷ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായശേഷം 1999-ൽ 60 വയസ് തികഞ്ഞ കർഷക തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾക്ക് അപേക്ഷ സമർപ്പിച്ചിട്ടും നാളിതുവരെ ആനുകൂല്യങ്ങൾ നൽകിയിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ 15 ലക്ഷത്തിലധികം തൊഴിലാളികൾ വരുന്ന ഇവർക്ക് ആനുകൂല്യങ്ങൾ നൽകാൻ ബഡ്ജറ്റിൽ തുക വകകൊള്ളിക്കുമോ;

(സി) ഇല്ലെങ്കിൽ മറ്റ് എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—സി) ഉണ്ട്. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ 1999-ൽ 60 വയസ് പൂർത്തിയായതിനെ തുടർന്ന് അതിവർഷാനുകൂല്യത്തിന് അപേക്ഷിച്ച മുഴുവൻ തൊഴിലാളികൾക്കും ഫണ്ടിന്റെ അഭാവം മൂലം ടി ആനുകൂല്യം നൽകുവാൻ സാധിച്ചിട്ടില്ല. 2004 മാർച്ച് 31-ലെ കണക്കനുസരിച്ച് അതിവർഷാനുകൂല്യം കൊടുക്കുവാൻ 52 കോടിയിലധികം രൂപ വേണ്ടിവരും. മറ്റ് ആനുകൂല്യങ്ങൾ നൽകുവാൻ 7 കോടി രൂപയും ആവശ്യമാണ്. എന്നാൽ ബോർഡിലെ നീക്കിയിരിപ്പ് 10¾ കോടി രൂപയോളം മാത്രമാണ്. കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാർ വിഹിതം അടയ്ക്കേണ്ടതാണെന്ന് ബന്ധപ്പെട്ട നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ ബോർഡിന് സർക്കാർ 5 കോടി രൂപ ഗ്രാന്റായി നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ആനുകൂല്യം വിതരണം ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly